**ഭരണഭാഷ – മാതൃഭാഷ**

# അച്ചടി വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

**(ഹാജർ: എ. മുരളീധരൻ)**

തിരുവനന്തപുരം

**തീയതി: 15.11.2019**

**നമ്പർ. 8856/18/ജി2(14)**

വിഷയം:- അച്ചടി വകുപ്പ്-തിരുവനന്തപുരം-ജനറൽ വിഭാഗം-ഓവർടൈം തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-1. സർക്കാരിന്റെ 12.03.15 ലെ 484/15/ഉവിവ നമ്പർ ഉത്തരവ്

2. അച്ചടി വകുപ്പ് ഡയറക്ടറുടെ 17.06.2019-ലെ ഇതേ നമ്പർ ഉത്തരവ്.

3. മണ്ണന്തല ഗവ: പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ടിന്റെ 15.10.2019-ലെ 4966/19/ജിപിഎം/ജി3 നമ്പർ കത്ത്.

## ഉത്തരവ്

അച്ചടി വകുപ്പിന്റെ കുടിശ്ശികയുള്ള ഓവർടൈം വേതനം 2019-20 വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും വിതരണം ചെയ്യുന്നതിന് സൂചന (2) പ്രകാരം ഉത്തരവായിരുന്നു. ആയതിൽ മണ്ണന്തല ഗവ: പ്രസ്സിലേക്ക് 2010 മാർച്ച് മാസത്തെ ഓവർടൈം കുടിശ്ശിക തുകയായ 13,95,117/- രൂപ അനുവദിച്ചിരുന്നു. എന്നാൽ ടി അനുവദിച്ച തുകയിൽ നിന്നും അർഹരായ 215 ജീവനക്കാരിൽ 92 ജീവനക്കാർക്ക് മാത്രമേ ഓവർ ടൈം തുകകൾ വിതരണം ചെയ്യാൻ കഴിഞ്ഞുള്ളൂ വെന്നും മണ്ണന്തല ഗവ: പ്രസ്സിൽ നിന്നും മാറി വിവിധ ഗവ: പ്രസ്സുകളിൽ ജോലി ചെയ്യുന്നവരും വിരമിച്ചവരുമായ ജീവനക്കാർക്ക് തുക അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ല എന്ന് പരാമർശം (3) പ്രകാരം മണ്ണന്തല ഗവ: പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ട് അറിയിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ പരാമർശം (3) പ്രകാരം മണ്ണന്തല ഡെപ്യൂട്ടി സൂപ്രണ്ട് അറിയിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന പട്ടിക പ്രകാരം മണ്ണന്തല ഗവ: പ്രസ്സിൽ നിന്നും മാറിയ വയനാട് ഗവ: പ്രസ്സിലെ ജീവനക്കാർക്ക് 2010 മാർച്ച് മാസത്തെ ഓവർ ടൈം തുകയായ 10,536/-രൂപ (പതിനായിരത്തി അഞ്ഞൂറ്റി മുപ്പത്തിയാറ് രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

ടി തുക വയനാട് ഗവ: പ്രസ്സിൽ മാറി നൽകുന്നതിന് വയനാട് ഗവ: പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ടിന് നിർദ്ദേശം നൽകുന്നു.

| നമ്പർ | പേര് | തസ്തിക | ഒ..റ്റി. തുക | ജോലി ചെയ്യുന്ന സ്ഥാപനം |
|---|---|---|---|---|
| 1 | വി.എസ്. പ്രദീപ് | ഡെപ്യൂട്ടി സൂപ്രണ്ട് | 10,536/- | ഗവ: പ്രസ്സ്, വയനാട് |
| | | ആകെ | 10,536/- | |

ടി വ്യക്തിയുടെ ഓവർ ടൈം സ്റ്റേറ്റ്മെന്റ് മണ്ണന്തല ഗവ: പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ട് വയനാട് ഗവ: പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ടിനെ അറിയിക്കേണ്ടതാണ്.

ടി തുക തന്നാണ്ടത്തെ "2058-00-103-99-01(6) ഓവർടൈം അലവൻസ് എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

വിരമിച്ച ജീവനക്കാരുടെ ഓവർടൈം കുടിശ്ശിക ബിൽ എടുക്കാൻ കഴിയാത്ത സാഹചര്യമാണെങ്കിൽ ആയത് SPARK -ൽ അറിയിച്ച് റീവോക്ക് ചെയ്ത് തുക അനുവദിക്കേണ്ടതാണ്.

ഒപ്പ്/-
അച്ചടി വകുപ്പ് ഡയറക്ടർ

ഡെപ്യൂട്ടി സൂപ്രണ്ട്, ഗവൺമെന്റ് പ്രസ്സ്, വയനാട് / മണ്ണന്തല /
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം /
ജില്ലാ ട്രഷറി ഓഫീസർ, വയനാട്
പകർപ്പ്:-

ഫിനാൻസ് ഓഫീസർ / അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് /
ജൂനിയർ സൂപ്രണ്ട് ജി1, ബി / ബി 3 / ഫയൽ/കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം,

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്